പ്ലാന്റേഷൻ ലേബർ നിയമത്തിന്റെ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന സംഭവങ്ങൾ

267 [294] ശ്രീ. ഒ. ഭരതൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടങ്ങൾ തുണ്ടുതുണ്ടായി ഭാഗിക്കപ്പെടുകയും തൊഴിലാളികൾക്ക് പ്ലാന്റേഷൻ ലേബർ നിയമത്തിന്റെ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്യുന്ന സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത്തരം നടപടികൾ ഒഴിവാക്കാൻ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്ലാന്റേഷൻ ലേബർ നിയമത്തിന്റെ പരിധിയിൽ ഒരിക്കൽ വന്നു കഴിഞ്ഞ തോട്ടങ്ങൾ തുണ്ടുതുണ്ടായി ഭാഗിച്ചു പോയാലും ഓരോ തുണ്ടിനും മേപ്പടി നിയമം തുടർന്നും ബാധകമാകത്തക്കവിധത്തിൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ തൊഴിൽരഹിതർ

268 [295] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986 മേയ് 31 വരെ സംസ്ഥാനത്തെ തൊഴിൽരഹിതർ എത്ര;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ കണക്കുപ്രകാരം പോസ്റ്റ് ഗ്രാഡുവേറ്റുകൾ എത്ര; ഗ്രാഡുവേറ്റുകൾ എത്ര; അണ്ടർ ഗ്രാഡുവേറ്റുകൾ എത്ര;

(സി) അവയിൽ ഓരോ വിഭാഗത്തിലും സ്ത്രീകളെത്ര; പുരുഷൻമാർ എത്ര;

(ഡി) 1985-86 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നുമായി ആകെ എത്ര പേർക്ക് തൊഴിലവസരം നൽകുന്നതിനായി കാർഡ് അയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) അവരിൽ എത്രപേർക്ക് സ്ഥിരമായും താൽക്കാലികമായും തൊഴിൽ ലഭിച്ചിട്ടുണ്ട്;

(എഫ്) 1985-86-ൽ കാർഡയച്ചവരിൽ സ്ത്രീകൾ എത്ര;

(ജി) തൊഴിൽ ലഭിച്ചവരിൽ സ്ത്രീകൾ എത്ര;

(എച്ച്) തൊഴിൽ ലഭിച്ചവരിൽ പട്ടികജാതിക്കാർ എത്ര; പട്ടിക വർഗക്കാർ എത്ര?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1986 മാർച്ച് 31-ാം തീയതിവരെ 25,32,322 പേർ. (1986 മേയ് 31 വരെയുള്ള കണക്കുകൾ ലഭ്യമല്ല).

(ബി) പോസ്റ്റ് ഗ്രാഡ്വേറ്റുകൾ — 12,247
ഗ്രാഡ്വേറ്റുകൾ — 87,943
അണ്ടർ ഗ്രാഡ്വേറ്റുകൾ — 1,45,137

(സി) 31-12-1985-ലെ കണക്കനുസരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

	പുരുഷൻമാർ	സ്ത്രീകൾ
പോസ്റ്റ് ഗ്രാഡ്വേറ്റുകൾ	5,241	4,821
ഗ്രാഡ്വേറ്റുകൾ	44,034	46,295
അണ്ടർ ഗ്രാഡ്വേറ്റുകൾ	6,27,746	6,37,213

(ഡി) 1,48,704 പേർക്ക്

(ഇ) 693 പേർക്ക് സ്ഥിരമായും 13,212 പേർക്ക് താൽക്കാലികമായും തൊഴിൽ ലഭിച്ചിട്ടുണ്ട്.

(എഫ്) 55,147 പേർ.

(ജി) 6,704 പേർ.

(എച്ച്) പട്ടികജാതിക്കാർ — 1,297 പേർ
പട്ടികവർഗ്ഗക്കാർ — 117 പേർ.

എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തവർ

269 [296] ശ്രീ. എസ്. ആർ. തങ്കരാജ്:
,, എ. കെ. പത്മനാഭൻ:
,, ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982 മേയ് മാസം 24-ാം തീയതിയിലെ കണക്കനുസരിച്ച് വിവിധ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം എത്ര;

(ബി) 1986 ജൂൺ 1-ാം തീയതിയിലെ കണക്കനുസരിച്ച് വിവിധ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം എത്ര;

(സി) ഇതിൽ എസ്. എസ്. എൽ. സി. പാസ്സായവർ എത്ര;

(ഡി) ആകെ പേര് രജിസ്റ്റർ ചെയ്തവരിൽ സ്ത്രീകളെത്ര; പുരുഷൻമാരെത്ര; പട്ടികജാതിക്കാർ/പട്ടികവർഗ്ഗക്കാർ എന്നിവർ എത്രവീതം:

(ഇ) താഴ്ന്നതരം ജോലികൾക്കായി രജിസ്റ്റർചെയ്ത 3 വർഷത്തിൽ കൂടുതലായിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ സീനിയോറിറ്റി നോക്കാതെ നാലിലൊന്ന് ഒഴിവുകളിലേക്ക് കൂടിക്കാഴ്ചയ്ക്കു വിളിക്കാൻവേണ്ട നിർദ്ദേശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly